REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 19-07-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **സംശുദ്ധ ഊർജ്ജോത്പാദനത്തിൽ നേതൃപരമായ പങ്കുവഹിക്കാൻ പാലക്കാട് IIT യ്ക്ക് കഴിയുമെന്ന് കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ.**
- **പാർലമെന്റ് വർഷകാല സമ്മേളനം മറ്റന്നാൾ ആരംഭിക്കും. നാളെ സർവകക്ഷി യോഗം.**
- **കൊല്ലം തേവലക്കര സ്കൂളിൽ ഷോക്കേറ്റ് മരിച്ച എട്ടാം ക്ലാസ് വിദ്യാർത്ഥി മിഥുന്റെ സംസ്കാരം വൈകിട്ട് വീട്ടുവളപ്പിൽ .**
- **ഉജ്ജ്വല ബാല്യം പുരസ്കാരങ്ങൾ മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് വിതരണം ചെയ്തു.**
- **സംസ്ഥാനത്ത് അഞ്ച് വടക്കൻ ജില്ലകളിൽ അതി തീവ്രമഴസാധ്യത മുൻനിർത്തി ഇന്ന് ചുവപ്പ് ജാഗ്രത.**
- **ഇന്ത്യാ - ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ഏകദിന മത്സരം ഇന്ന്.**

## വാർത്തകൾ വിശദമായി

സംശുദ്ധ ഊർജ്ജോത്പാദനത്തിൽ നേതൃപരമായ പങ്കുവഹിക്കാൻ പാലക്കാട് IIT യ്ക്ക് കഴിയുമെന്ന് കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ വിശ്വാസം പ്രകടിപ്പിച്ചു. ഇന്ത്യയുടെ മാധവ സൂപ്പർ കമ്പ്യൂട്ടർ വികസനത്തിൽ പ്രധാന പങ്കുവഹിക്കാൻ IIT യ്ക്ക് കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. നിർമ്മിത ബുദ്ധിയുടെ വെല്ലുവിളികൾ നേരിടാനാവശ്യമായ പോംവഴികൾ IIT വിദ്യാർത്ഥികളിൽ നിന്ന് ഉണ്ടാകുമെന്നും പാലക്കാട്ട് IIT യുടെ ഏഴാമത് ബിരുദദാന ചടങ്ങിൽ ധർമ്മേന്ദ്രപ്രധാൻ പറഞ്ഞു.

B-ടെക്, M-ടെക്, MSC, Phd  വിഭാഗങ്ങളിലായി 328 പേർ ബിരുദ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി. അക്കാദമിക തലത്തിൽ മികവുപുലർത്തിയ വിദ്യാർഥികൾക്കുള്ള പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. പരിപാടിയിൽ IIT ബോർഡ് ഓഫ് ഗവർണേഴ്സ് ചെയർമാൻ പ്രഫ.രമേഷ് വെങ്കിടേശ്വരൻ അധ്യക്ഷനായി.

✪✪✪

പാർലമെന്റ് വർഷകാല സമ്മേളനം മറ്റന്നാൾ ആരംഭിക്കും. അടുത്ത മാസം 21 വരെയാണ് സമ്മേളനം. ഇതിന് മുന്നോടിയായി കേന്ദ്രഗവൺമെന്റ് നാളെ സർവകക്ഷി യോഗം വിളിച്ചിട്ടുണ്ട്. പാർലമെന്റിന്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം യോഗത്തിൽ ഗവൺമെന്റ് തേടും.

✪✪✪

ധീര സ്വാതന്ത്ര്യസമര സേനാനി മംഗൾ പാണ്ഡെയുടെ ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്മരണാഞ്ജലി അർപ്പിച്ചു. ബ്രിട്ടീഷ് ഭരണത്തെ വെല്ലുവിളിച്ച രാജ്യത്തെ മുൻനിര യോദ്ധാവായിരുന്നു മംഗൾ പാണ്ഡെയെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. മംഗൾ പാണ്ഡെയുടെ ധീരതയുടെ കഥ രാജ്യത്തെ ജനങ്ങൾക്ക് എന്നും പ്രചോദനമാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

1857 ലെ ശിപായി ലഹളയ്ക്ക് നേതൃത്വം നൽകിയ മംഗൾ പാണ്ഡെയെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ആദ്യ നേതാവായി കണക്കാക്കുന്നു. മതവിശ്വാസങ്ങൾക്കെതിരെ പ്രവർത്തിക്കാൻ പ്രേരിപ്പിച്ച ബ്രിട്ടീഷ് ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെയാണ് മംഗൾ പാണ്ഡെ പോരാട്ടത്തിന് തുടക്കമിട്ടത്. ബ്രിട്ടീഷുകാർ പിടികൂടിയ മംഗൾപാണ്ഡെയെ ശിപായി ലഹളയുടെ തുടക്കക്കാരനെന്ന കുറ്റമാരോപിച്ച് വധശിക്ഷയ്ക്ക് വിധേയനാക്കി.

കേന്ദ്രമന്ത്രിമാരായ അമിത്ഷാ, രാജ്നാഥ് സിംഗ്, JP നദ്ദ എന്നിവരും മംഗൾ പാണ്ഡെയ്ക്ക് സ്മരണാഞ്ജലിയർപ്പിച്ചു.

✪✪✪

രാജ്യത്തെ ആദ്യത്തെ തദ്ദേശീയ സെമികണ്ടക്ടർ ചിപ്പ് ഈ വർഷം പുറത്തിറക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഹൈദരാബാദിൽ കേശവ് മെമ്മോറിയൽ എജ്യുക്കേഷണൽ സൊസൈറ്റിയുടെ 85-ാമത് സ്ഥാപക ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രണ്ട് ദിവസത്തെ തെലങ്കാന സന്ദർശനത്തിനെത്തിയ അശ്വിനി വൈഷ്ണവ് ഉച്ചകഴിഞ്ഞ് കാസിപേട്ടിൽ 500 കോടിയിലധികം രൂപ ചെലവിൽ വികസിപ്പിക്കുന്ന റെയിൽവേ നിർമ്മാണ യൂണിറ്റിന്റെ പുരോഗതി അവലോകനം ചെയ്യും.

✪✪✪

അഹമ്മദാബാദ് വിമാന ദുരന്തവുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണ ജനിപ്പിക്കുന്ന റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചതിന് ഇന്ത്യൻ പൈലറ്റ്സ് ഫെഡറേഷൻ വാൾസ്ട്രീറ്റ് ജേർണലിനും റോയിറ്റേഴ്സിനുമെതിരെ നിയമ നടപടി ആരംഭിച്ചു. റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിന് ഔദ്യോഗിക ക്ഷമാപണം ആവശ്യപ്പെട്ടാണ് നടപടി. ഇരു മാധ്യമങ്ങൾക്കും ഈ ആവശ്യമുന്നയിച്ച് നോട്ടീസ് അയച്ചതായി ഫെഡറേഷൻ പ്രസിഡണ്ട് CS രൺധാവ ഡൽഹിയിൽ അറിയിച്ചു.

✪✪✪

തപാൽ സേവനം നവീകരിക്കുന്നതിന് വരുംതലമുറ APT ആപ്ലിക്കേഷന് കമ്യൂണിക്കേഷൻ മന്ത്രാലയം മറ്റന്നാൾ തുടക്കമിടും. പാഴ്സൽ, തപാൽ സേവനങ്ങൾ മെച്ചപ്പെടുത്താനും, ഉപഭോക്തൃസൗഹൃദമാക്കാനും ലക്ഷ്യമിട്ടാണ് ആപ്ലിക്കേഷൻ വികസിപ്പിച്ചത്. പുതിയ സംവിധാനം ആദ്യം ഡൽഹിയിലെ തപാൽ ഓഫീസുകളിലായിരിക്കും നടപ്പാക്കുക.

✪✪✪

കൊല്ലം തേവലക്കര സ്കൂളിൽ ഷോക്കേറ്റ് മരിച്ച എട്ടാം ക്ലാസ് വിദ്യാർത്ഥി മിഥുന്റെ ശരീരം സ്കൂളിൽ പൊതു ദർശനത്തിന് വെച്ചു. മിഥുന്റെ അമ്മ സുജ രാവിലെ തുർക്കിയിൽ നിന്ന് നാട്ടിലെത്തിയിരുന്നു. പൊതുദർശനത്തിനു ശേഷം വീട്ടിലെത്തിക്കുന്ന മൃതദേഹം വൈകിട്ട് അഞ്ചുംമണിയോടെ വിളന്തറ വീട്ടുവളപ്പിൽ സംസ്കരിക്കും.

സമൂഹത്തിന്റെ നാനാതുറകളിൽപ്പെട്ട നൂറുകണക്കിനാളുകൾ പൊതുദർശനത്തിനു വെച്ച മിഥുന്റെ ശരീരത്തിൽ അന്ത്യാഞ്ജലിയർപ്പിച്ചു.

✪✪✪

പോക്സോ കേസ് അന്വേഷണം വേഗത്തിലാക്കാൻ ഓരോ പൊലീസ് ജില്ലയിലും 16 അംഗ സംഘങ്ങൾ രൂപീകരിച്ചു. 20 പൊലീസ് ജില്ലകളിലും DYSP മാരുടെ കീഴിലാണ് പ്രത്യേക സംഘങ്ങൾ പ്രവർത്തിക്കുക. നാർക്കോട്ടിക് സെൽ DYSP-മാർക്കാണ് ഇതിന്റെ അധിക ചുമതല. ഇതോടെ നാർക്കോട്ടിക് സെല്ലുകളുടെ പേര് നാർക്കോട്ടിക് സെൽ ആന്റ് ജെൻഡർ ജസ്റ്റിസ് എന്നാക്കി മാറ്റിയിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

✪✪✪

ഉജ്ജ്വല ബാല്യം പുരസ്കാരങ്ങൾ മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് വിതരണം ചെയ്തു. ചൈൽഡ് ഹെൽപ് ലൈൻ റീബ്രാന്റിംഗ് സംസ്ഥാനതല ഉദ്ഘാടനവും, ബാല സംരക്ഷണ മേഖലയിൽ സംസ്ഥാനം നടത്തിയ മാതൃകാ പ്രവർത്തനങ്ങളെ സംബന്ധിച്ച് യൂണിസെഫ് സഹായത്തോടെ നിർമ്മിച്ച വീഡിയോ പ്രകാശനവും മന്ത്രി ചടങ്ങിൽ നിർവഹിച്ചു.

കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, IT മേഖല, കൃഷി, മാലിന്യ സംസ്കരണം, ജീവകാരുണ്യ പ്രവർത്തനം, ക്രാഫ്റ്റ്, ശില്പ നിർമ്മാണം, ധീരത എന്നീ മേഖലകളിൽ മികവ് തെളിയിച്ച കുട്ടികളെയാണ് ഉജ്ജ്വല ബാല്യം അവാർഡിന് പരിഗണിച്ചത്. 25,000 രൂപയും പ്രശസ്തി പത്രവും, ഫലകവും അടങ്ങുന്നതാണ് അവാർഡ്.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. വടക്കൻ ജില്ലകളിൽ അതിതീവ്ര മഴസാധ്യത മുൻനിർത്തി മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രതയാണ്. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ലക്ഷദ്വീപിലെ ബിത്രാ ദ്വീപ് സൈനിക ആവശ്യങ്ങൾക്ക് ഏറ്റെടുക്കുന്നതിന്റെ സാമൂഹികാഘാതപഠനത്തിന് ലക്ഷദ്വീപ് ഭരണകൂടം ഉത്തരവിറക്കി. ലക്ഷദ്വീപ് സോഷ്യൽ ഇംപാക്ട് അസസ്മെന്റ് & കൺസന്റ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ രണ്ട് മാസത്തിനകം കൂടിയാലോചന നടത്താനാണ് തിരുമാനം.

ബിത്രദ്വീപ് മൊത്തമായി ഏറ്റെടുക്കാനൊരുങ്ങുന്ന ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന്റെ തിരുമാനത്തെ രാഷ്ട്രീയമായും നിയമപരമായും നേരിടുമെന്ന് ലക്ഷദ്വീപ് MP ഹംദുള്ളാ സെയ്ദ് അറിയിച്ചു.

✪✪✪

കുടുംബശ്രീയെ കൂടുതൽ സജീവമാക്കുന്നതിനായി ആരംഭിച്ച ഫിഫ്റ്റി പ്ലസ് ക്യാമ്പയിൻ ശ്രദ്ധേയമാകുന്നു. ഇതിന്റെ ഭാഗമായി കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷന്റെയും ADS കളുടെയും നേതൃത്വത്തിൽ അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

.......(വോയ്സ്).................

✪✪✪

കോഴിക്കോട് കാവിലുംപാറ കരിങ്ങാട് ആളെ അക്രമിച്ച കുട്ടിയാനയെ മയക്ക് വെടി വെക്കുമെന്ന് മന്ത്രി A.K ശശീന്ദ്രൻ അറിയിച്ചു. വെറ്ററിനറി സർജന്മാർ ഉടൻ സ്ഥലത്തെത്തും. ആവശ്യമെങ്കിൽ കുങ്കിയാനകളെ എത്തിക്കുമെന്നും മന്ത്രി മാധ്യമങ്ങളോട്പറഞ്ഞു. ഇന്നലെ രാത്രിയാണ് കുട്ടിയാന ഒരാളെ ആക്രമിച്ച് പരിക്കേൽപ്പിച്ചത്.

✪✪✪

പത്തനംതിട്ട ജില്ലയിൽ H1 N1 പനി പടരുന്ന പശ്ചാത്തലത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ്.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രീജി S ശ്രീധർ.

....(വോയ്സ്).................

✪✪✪

ഇന്ത്യാ - ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ഏകദിന മത്സരം ഇന്ന്. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3:30 ന് ലണ്ടനിലെ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ മത്സരം ആരംഭിക്കും.

മൂന്ന് മത്സര പരമ്പരയിൽ ഒന്ന് വിജയിച്ച് ഇന്ത്യ മുന്നിലാണ്.

✪✪✪

ഫിഡെ വനിതാ ലോകകപ്പ് ചെസ്സിൽ ഇന്ത്യൻ ഗ്രാന്റ്മാസ്റ്റർമാരായ കൊനേരു ഹംപി, D ഹരിക, ദിവ്യ ദേശ്മുഖ് , R വൈശാലി എന്നിവർ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ക്വാർട്ടർ റൗണ്ടിൽ നാല് താരങ്ങൾ പ്രവേശിക്കുന്ന ആദ്യ രാജ്യമെന്ന ബഹുമതി ഇതോടെ ഇന്ത്യ സ്വന്തമാക്കി. ചൈനീസ് താരങ്ങളോടാണ് ഇന്ത്യ ഇനി കിരീടത്തിനായി ഏറ്റുമുട്ടുന്നത്.

✪✪✪

ജൂലൈയിൽ ശബരിമല ക്ഷേത്രം ഒരു മാസം തന്നെ മൂന്ന് തവണ തുറക്കുന്ന അപൂർവ്വതയ്ക്ക് സാക്ഷ്യം വഹിക്കും. നവഗ്രഹ പ്രതിഷ്ഠ, കർക്കടകമാസ പൂജ, നിറപുത്തരി എന്നിവയാണ് ഈ മാസം തന്നെ ഒത്തു ചേരുന്നത്.

മാളികപ്പുറത്ത് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന നവഗ്രഹ ക്ഷേത്രത്തിന്റെ പ്രതിഷ്ഠയ്ക്കായി 11നും കർക്കടക മാസ പൂജയ്ക്കായി 16 നും നിറപുത്തരി പൂജയ്ക്കു മുന്നോടിയായി 29 നുമാണ് ജൂലൈയിൽ നട തുറക്കുന്നത്.

✪✪✪

തദ്ദേശീയ മേഖലയിലെ അന്യം നിന്നു പോകുന്ന പാരമ്പര്യ കലകൾക്ക് പുതുജീവൻ നൽകാൻ ''ജന ഗൽസ' പദ്ധതിയുമായി കുടുംബശ്രീ. ഗോത്രകലാരൂപങ്ങൾ സംരംഭ മാതൃകയിൽ രൂപീകരിച്ച് തദ്ദേശീയ ജനതയ്ക്ക് മികച്ച തൊഴിലും വരുമാനവും ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണയുടെ റിപ്പോർട്ട്.

....(വോയ്സ്).....

✪✪✪

ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭാംഗവും സ്വാതന്ത്ര്യസമര സേനാനിയും പത്രപ്രവർത്തകനുമായിരുന്ന TA മജീദിന്റെ പേരിൽ ഏർപ്പെടുത്തിയ പുരസ്കാരം തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകൻ R രാജഗോപാലിന് സമ്മാനിച്ചു. മജീദിന്റെ ജീവിതം പുതിയ തലമുറയ്ക്ക് പാഠമാകണമെന്ന് പുരസ്കാരം സമ്മാനിച്ച മന്ത്രി GR അനിൽ പറഞ്ഞു.

✪✪✪

---

*News Editor: പി ചന്ദ്രബാബു*
*News Reader: രജിന കെ*
*NRTs: അനിൽ ചന്ദ്രൻ*
*DEO: ഷീബ*